THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PRO/F-103/KSD/3299 22.10.2026

ടെണ്ടർ നോട്ടീസ്

കശുമാവ് ഏരിയ കാട്ടുകൊത്ത്– ഇ–ടെൻഡർ കം ഇഓക്ഷൻ– മുഖേന

പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസറഗോഡ് എസ്റ്റേറ്റിലെ താഴെ കൊടുത്തിരിക്കുന്ന കശുമാവ് ബ്ലോക്കുകളിലെ കാടുവെട്ടുന്നതിന് മത്സരാധിഷ്ഠിത ഇ-ടെൻഡർ കം ഇ ഓക്ഷൻ-വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

ക്രമ നം.	ഡിവിഷൻ	ബ്ലോക്ക്	ഏരിയ (ഹെ.)	കാട്ടുകൊത്ത് ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ്
1.	ആദൂർ	നെഞ്ചംപറമ്പ -I	70.85	45 days
2.		നെഞ്ചംപറമ്പ -II	70.85	45 days
3.		മൗവ്വാർ	81.86	45 days
4.	പെർള	ബജക്കൂടൽ സോമജ	97.66	45 days
5.	മുളിയാർ	ബാവിക്കര	71.00	45 days
6.		മുതലപ്പാറ	104.00	45 days
7.	പെരിയ	പന്നിക്കുന്ന്	72.90	45 days

വ്യവസ്ഥകൾ

1. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി കാസറഗോഡ് എസ്റ്റേറ്റിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	യൂണിറ്റ്	മൊബൈൽ/ ലാൻഡ് നമ്പർ
ശ്രീ.സന്തോഷ് എം.	ജനറൽ മാനേജർ (ഓപ്പറേഷൻസ്)	ഹെഡോഫീസ്	9496076004,9447142369 04-2578301-0481
യു. സജീവ്	മാനേജർ	കാസറഗോഡ്	9447204200, 9496076070

8. ഇ-ടെൻഡർ 05.11.2026-ന് രാവിലെ 11.00 മണി വരെ സമർപ്പിക്കാവുന്നതാണ്. ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർക്ക് 06.11.2026-ന് ഉച്ചയ്ക്ക് 12.00 മണിക്ക് ശേഷം നിശ്ചയിച്ചിട്ടുള്ള സമയക്രമപ്രകാരം ഇ-ഓക്ഷനിൽ പങ്കെടുക്കാവുന്നതാണ്. ഇ-ടെൻഡറിൽ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ തുക ഇ-ഓക്ഷന്റെ അടിസ്ഥാന വിലയായി നിശ്ചയിക്കുന്നതും അതിൽനിന്ന് ഇ-ഓക്ഷൻ ആരംഭിക്കുന്നതുമാണ്. ശേഷം ഇ-ടെൻഡർ-കം- ഇ-ഓക്ഷൻ എന്നിവയിലൂടെ ലഭിക്കുന്ന തുകകളിൽ ഏറ്റവും കുറഞ്ഞ തുകയായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷവും തുടരുകയാണെങ്കിൽ, ഇ-

ഓക്ഷൻ പൂർത്തിയായതിനുശേഷമുള്ള ഇ-ദർഘാസ് അടുത്ത പ്രവൃത്തിദിവസം രാവിലെ 10.30 മണിക്ക് തുറക്കുന്നതാണ്.

9. **ഇ- ദർഘാസുകൾ തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

ഇ-ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം		**05.11.2026, 11.00 am.**		
ഇ-ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും, സ്ഥലവും		**Head Office, Kottayam, 06.11.2026. 10.00 am**		
Division	**Block**	**Area (approx.)**	**Date of e-auction**	**Time of e-auction**
ആദൂർ	**നെഞ്ചംപറമ്പ -I**	70.85	06.11.2026	12.00 pm.
	നെഞ്ചംപറമ്പ -II	70.85	06.11.2026	12.30 pm
	മൗവ്വാർ	81.86	06.11.2026	01.00 pm
പെർള	**ബജകൂടൽ സോമജ**	97.66	06.11.2026	01.30 pm
മുളിയാർ	**ബാവിക്കര**	71.00	06.11.2026	02.00 pm
	മുതലപ്പാറ	104.00	06.11.2026	02.30 pm
പെരിയ	**പന്നിക്കുന്ന്**	72.90	06.11.2026	03.00 pm

10. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
11. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം പി.സി.കെ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കുറഞ്ഞ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.
12. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ- ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്.
13. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയുംനിരതദ്രവ്യം ബ്ലോക്ക് , ഒന്നിന് 5000/- (അയ്യായിരം) രൂപയുമാണ്.
14. ഇ-ടെൻഡറിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കേണ്ടതാണ്. ഇ-ടെൻഡർ സംബന്ധിച്ച സംശയങ്ങൾക്കും സഹായത്തിനുമായി താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

പി.സി.കെ.: 7593938769, 0481-2578301-04, 9048614891.

കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ഇ-പ്രൊക്യൂർമെന്റ് സപ്പോർട്ട് ഡെസ്ക്:

- ഫോൺ: 0471-2577088 / 188 / 388
- 0484-2336006, 2332262
- 0497-2764788, 2764188
- 0483-273294
- ഇ-മെയിൽ: etendershelp@kerala.gov.in, helpetender@gmail.com

15. ഇ-ടെൻഡറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇ-ടെൻഡർ പോർട്ടലിൽ നിന്നും ടെൻഡർ വ്യവസ്ഥകൾ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ടെൻഡർ വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രം, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടീഷൻ, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻ ചെയ്ത പകർപ്പ് അല്ലെങ്കിൽ ഹെഡ് ഓഫീസ് ബാങ്ക് അക്കൗണ്ടിലേക്ക് RTGS/NEFT/ഇലക്ട്രോണിക് പേയ്മെന്റ് മുഖേന തുക അടച്ചതിന്റെ രേഖയുടെ സ്കാൻ ചെയ്ത പകർപ്പ്, ക്രേതാവിന്റെ തിരിച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം നിശ്ചിത ടെൻഡർ ഫീസായ ₹118/- അടച്ച് ഇ-ടെൻഡർ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ:

- അക്കൗണ്ട് ഉടമ: PCK
- ബാങ്ക്: Canara Bank
- ശാഖ: Kanjikuzhy
- അക്കൗണ്ട് നമ്പർ: 2964201000003
- IFSC Code: CNRB0002964

ഡിമാൻഡ് ഡ്രാഫ്റ്റ്/RTGS/NEFT/ഇലക്ട്രോണിക് പേയ്മെന്റ് സംബന്ധിച്ച വിവരങ്ങൾ ടെൻഡർ രേഖകളിൽ കൃത്യമായി ഉൾപ്പെടുത്താത്ത പക്ഷം ടെൻഡർ നിരസിക്കുന്നതാണ്.

ഡിമാൻഡ് ഡ്രാഫ്റ്റിന്റെ അസൽ (ബാധകമെങ്കിൽ), ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പിട്ട സമ്മതപത്രത്തിന്റെ അസൽ, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടീഷന്റെ അസൽ, പാൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ എന്നിവ **06.11.2026-ന് രാവിലെ 10.00 മണിക്ക് മുമ്പായി** പി.സി.കെ. ഹെഡ് ഓഫീസ്, കോട്ടയം എന്ന വിലാസത്തിൽ മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.

കവറിന്റെ ഇടതുവശത്ത് മുകളിൽ **"കാസറഗോഡ് എസ്റ്റേറ്റ് കശുമാവ് ഏരിയ കാട്ടുകൊത്ത് – ദർഘാസ് രേഖകൾ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, ദർഘാസ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, ടെൻഡർ തുറക്കുന്ന തീയതി, ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്, മേൽവിലാസം എന്നിവ കവറിന് പുറത്ത് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

16. ഇ-ദർഘാസിലൂടെ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
17. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
18. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
19. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം അതേസമയത്ത് നടത്തുന്നതായിരിക്കും.
20. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാരപരിധി കോട്ടയം അധികാരാതിർത്തിയുലുള്ള കോടതികളിൽ മാത്രമായിരിക്കും .
21. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
22. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലുംഎല്ലാ നിയമങ്ങൾക്കും .ചുമതലയിലും ആയിരിക്കും , വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും

നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

23. ഏരിയായിലുള്ള മുഴുവൻ കാടുകളും കുറ്റികളും അടിചേർത്ത് കൊത്തേണ്ടതാണ്.
24. കൊത്തിയിടുന്ന കാട് കശുമാവു മരങ്ങളുടെ ചുവട്ടിൽ നിന്നും വിള വെടുപ്പിന് സഹായകമായ രീതിയിൽ മാറ്റിയിടേണ്ടതും മരങ്ങളുടെ ചുവട് മൂന്ന് മീറ്റർ ചുറ്റളവിൽ വൃത്തിയാക്കേണ്ടതുമാണ്.
25. മേൽപ്പറഞ്ഞ രീതിയിൽ ഒരു ഹെക്ടർ സ്ഥലം കാടുകൊത്തുന്നതിന് കോർപ്പറേഷൻ നൽകേണ്ടതായ ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ട റിൽ കാണിക്കേണ്ടത്. കാടുകൊത്തുമ്പോൾ യാതൊരു കാരണവശാലും കശുമാവു മരങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാൻ പാടുള്ളതല്ല. കേടുപാടുകൾ സംഭവിച്ചാൽ ആയതിന് കോർപ്പറേഷൻ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകാൻ കരാറുകാ രൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.
26. കരാറുകാരൻ കാട്ടുകൊത്തുന്ന ബ്ലോക്കുകൾ ഉദ്ദേശം 25% വീതമുള്ള (1/4) പാർട്ടുകളായി വേണം കാട്കൊത്ത് നടത്തുവാൻ, പാർട്ട്ബില്ലു കൾ ഓരോ 25% ജോലി തീരുന്ന മുറയ്ക്ക് ഡിവിഷൻ അധികാരി യുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൊത്തം തുകയുടെ 50% നൽകുന്നതാണ്.
27. ഓരോ പാർട്ടിലും കാട് കൊത്തുന്നതിന് മുൻപും കാട് കൊത്തുന്ന തിന് ശേഷവുമുള്ള ഫോട്ടോകൾ അതാത് ബ്ലോക്കിന്റെ ഉത്തരവാധി ത്തമുള്ള സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ മൊബൈലിൽ പകർത്തി എസ്റ്റേറ്റ് ഓഫീസിൽ ഇ മെയിൽ മുഖേനയോ വാട്ട്സ് ആപ്പ് മുഖേനയോ പാർട്ട് ബില്ലിനോടൊപ്പം നൽകേണ്ടതാണ്.
28. കാട് കൊത്ത് കരാർ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്ത് പൂർത്തിയാക്കി അഞ്ചു ദിവസത്തിനകം ഫൈനൽ ബില്ലിന് അപേക്ഷ നൽകേണ്ടതും തുടർന്ന് അഞ്ചു ദിവസത്തിനുള്ളിൽ മാനേജരുടെ സന്ദർശനവും നടത്തുന്നതാണ്. ബിൽ സമർപ്പിച്ച് 15 ദിവസങ്ങൾക്ക കം മാനേജരുടെ ശുപാർശ സഹിതം ടി ഫൈനൽ ബില്ല് മാനേജിംഗ് ഡയരക്ടർക്ക് ലഭിക്കേണ്ടതാണ്.
29. കരാറുകാരൻ കാട് കൊത്തുസംബന്ധിച്ച് ജോലി തുടങ്ങിയ തീയ്യതി, ഉപയോഗിച്ച തൊഴിലാളികളുടെ എണ്ണം, അവസാനിച്ച തീയ്യതി എന്നിവ അടങ്ങിയ ഒരു ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ആയത് ഡിവിഷൻ അധികാരിയെ/ ബ്ലോക്ക് ഇൻ ചാർജിനെകൊണ്ട് ഒപ്പ് പതിപ്പിക്കേണ്ട തുമാണ്. ടി-ബുക്ക് ഫൈനൽ ബില്ലിനൊപ്പം ഹാജരാക്കേണ്ടതുമാണ്.
30. ടെണ്ടർ ഉറപ്പിച്ച് അറിയിപ്പ് ലഭിച്ചാൽ ബ്ലോക്കൊന്നിന് 10,000/ രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റായി എസ്റ്റേറ്റ് ആഫീസിൽ കെട്ടി വച്ച് 200/- രൂപായുടെ കേരള സർക്കാർ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതും 3 ദിവസത്തിനകം ജോലികൾ ആരംഭിക്കേണ്ടതും മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ദിവസത്തിനകം ജോലികൾ

പൂർത്തിയാക്കേണ്ടതാണ്. അല്ലാത്തപക്ഷം ജോലികൾ പൂർത്തികരിക്കുവാൻ താമസിക്കുന്ന ഓരോ 7 ദിവസത്തിനും മൊത്തം കരാർ തുകയുടെ 1/2 % വീതം പിഴ ഈടാക്കുന്നതാണ്. 7 ദിവസത്തിൽ കുറവോ, കൂടുതലോ ആണെങ്കിൽ ആനുപാതീകമായി ഓരോ ദിവസവും കണക്കാക്കി പിഴ ഈടാക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ഇപ്രകാരം പരമാവധി 15 ദിവസംവരെ പിഴ ഈടാക്കി ജോലികൾ പൂർത്തിയാക്കാൻ അനുവദിക്കുന്നതാണ്. തുടർന്നും ജോലികൾ പൂർത്തീകരിക്കാത്ത പക്ഷം കരാർ റദ്ദുചെയ്യുന്നതും, എല്ലാവിധ തുകകളും കോർപ്പറേഷനിലേക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതുമായിരിക്കും. ആവശ്യമെങ്കിൽ ബദൽമാർഗ്ഗേന ടി-പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനു കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്. തന്മൂലം കോർപ്പറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

31. കരാറുകാരൻ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ കരാറിൽ നിന്നും പിൻമാറുകയോ യഥാസമയം ജോലികൾ പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ കരാർ റദ്ദാക്കി സെക്യൂരിറ്റി തുക കണ്ടു കെട്ടുന്നതും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റേതെങ്കിലും മാർഗേന ടി കരാർ പ്രകാരമുള്ള ജോലികൾ കോർപ്പറേഷൻ പൂർത്തിയാക്കുന്നതും അതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന നഷ്ടവും മറ്റ് ചിലവുകളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.
32. കാട് കൊത്തുന്നതിനാവശ്യമായ തൊഴിലാളികൾ, പണിയായുധങ്ങൾ, യന്ത്രങ്ങൾ എന്നിവ കരാറുകാരൻ സ്വന്തം ചിലവിൽ കൊണ്ടുവരേണ്ടതാണ്. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും. ഇതിൽ കോർപ്പറേഷന് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല. കരാറുകാരനോ,കരാറുകാരന്റെ തൊഴിലാളികൾക്കോ ജോലിക്കിടയിൽ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ കോർപ്പറേഷന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.
33. ബന്ധപ്പെട്ട ഡിവിഷൻ ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം ജോലികൾ തീർക്കേണ്ടതാണ്.
34. ഏരിയായിൽ ഉള്ള റോഡുകളിലേയും ഫുട്പാത്തുകളിലേയും കാടുകൾ കൊത്തി വഴിയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.
35. കരാറുകാരന് കോർപ്പറേഷനിൽ നിന്നും ഏതെങ്കിലും തുകകൾ ലഭിക്കുവാനുണ്ടെങ്കിൽ ആയതിൽ നിന്നും കോർപ്പറേഷന് അവകാശപ്പെട്ടതായ ഏതൊരു തുകയും വസൂലാക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
36. കരാറുകാരനിൽ നിന്നോ കരാറുകാരന്റെ തൊഴിലാളികളിൽ നിന്നോ കോർപ്പറേഷന് എന്തെങ്കിലും നഷ്ടങ്ങൾ സംഭവിച്ചാൽ ആയതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുവാൻ കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
37. പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ ആക്രമണം, സാംക്രമിക രോഗങ്ങൾ, തീപിടിത്തം, കരാറുകാരന്റെയോ കോർപ്പറേഷന്റെയോ തൊഴിലാളികളുടെ സമരം മുതലായ കാരണങ്ങളാൽ കരാറുകാരനോ ടിയാന്റെ തൊഴിലാളികൾക്കോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോർപ്പറേഷൻ

ഉത്തരവാദിയായിരിക്കുന്നതല്ല. അത്തരം നഷ്ടങ്ങൾക്ക് കോർപ്പറേഷൻ യാതൊരു നഷ്ടപരിഹാരവും നൽകുന്നതല്ല.

38. നിലവിൽ ടെണ്ടറുകൾക്ക് ബാധകമായ സർക്കാർ നിയമങ്ങളും, പൊതു വ്യവസ്ഥകളും, നിലവിൽ കോർപ്പറേഷന് ബാധകമായ മറ്റ് പൊതു വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമായിരിക്കുന്നതാണ്.
39. കോർപ്പറേഷൻ ബ്ലാക്ക് ലിസ്റ്റിൽ ഉൾപെടുത്തിയിട്ടുള്ള കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
40. കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന എല്ലാ തൊഴിലാളികളുടെയും നിയമാനുസൃതം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്കുള്ള പ്രതിമാസ വിഹിതം അടയ്ക്കുകയും,രസീതിന്റെ പകർപ്പ് തുക അടച്ച് പത്ത് ദിവസങ്ങൾക്കുള്ളിൽ കോർപ്പറേഷന്റെ അതാത് എസ്റ്റേറ്റ് ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.
41. കരാറുകാരൻ കാടുകൊത്തലിനും മറ്റാവശ്യങ്ങൾക്കുമായി എസ്റ്റേറ്റിൽ നിയോഗിക്കുന്ന തൊഴിലാളികളുടെ പൂർണ്ണമായ മേൽവിലാസം, ജോലിസംബന്ധമായ വിവരങ്ങൾ, തൊഴിലാളികൾക്ക് നൽകുന്ന ശമ്പളത്തിന്റെ/കൂലിയുടെ/വേതനത്തിന്റെ പൂർണ്ണ വിവരങ്ങൾ എന്നിവ രേഖാമൂലം എസ്റ്റേറ്റ് ഓഫീസിൽ നൽകേണ്ടതാണ്. അതിനു ശേഷം മാത്രമേ പാർട്ട് പെയ്മെന്റും ഫൈനൽ പെയ്മെന്റും നൽകുകയുള്ളു.
42. ജോലി പൂർത്തീകരിച്ച് അഞ്ചു ദിവസത്തിനകം പൂർത്തീകരിച്ചതായ അറിയിപ്പ് ഡിവിഷൻ അധികാരികൾ മുഖേന എസ്റ്റേറ്റ് മാനേജർക്ക് നൽകേണ്ടതാണ്.ഇങ്ങനെ നൽകാതിരുന്നാൽ തൻമൂലമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
43. യാതൊരു കാരണവശാലും കരാറിൽ പറയുന്നത്ര സ്ഥലം കടുകോത്താതിരിക്കാൻ പാടുള്ളതല്ല. മുഴുവൻ സ്ഥലവും തൃപ്തികരമായി കാടുകൊത്തിയതായ ഡിവിഷൻ അധികാരികളുടെയും എസ്റ്റേറ്റ് മാനേജരുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രവും, ഹെഡ് ഓഫീസിൽ നിന്നും നിയോഗിക്കുന്ന കമ്മിറ്റിയുടെ ബോധ്യപ്പെടലുകൾക്കും ശേഷം മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി മാത്രമേ ഫൈനൽ പേയ്മെന്റ് നൽകുകയുള്ളൂ. തുടർന്ന് ഒരു മാസത്തിന് ശേഷം പലിശ രഹിതമായി സെക്യൂരിറ്റി തുക തിരിച്ചുനല്കുന്നതാണ് .
44. കരാർ കാലയളവിൽ കരാറുകാരനോ, ടി-യാന്റെ ജോലിക്കാരോ എസ്റ്റേറ്റിനുള്ളിലോ, പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ, ആയതിനു സഹായിക്കുകയോ ചെയ്യാൻ പാടില്ല. കൂടാതെ എന്തെങ്കിലും നിയമവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ആയതിനു സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ കരാർ ഉടമ്പടി റദ്ദുചെയ്യുന്നതും, കരാറുകാരന്റെ തുകകൾ എല്ലാം കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും. ആവശ്യമെങ്കിൽ ടി-ജോലികൾ ബദൽ മാർഗ്ഗേന പൂർത്തീകരിക്കുന്നതിനും കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതും, തന്മൂലം ഉണ്ടാകാവുന്നതായ എല്ലാ വിധ ചെലവുകളും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

Sd/-
മാനേജിങ് ഡയറക്ടർ

പ്രഖ്യാപനം: ***ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.***

1a.	ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ)	:
b.	വയസ്സ്	:
c.	ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ	:
d	മൊബൈൽ നമ്പർ	:
e.	അച്ഛന്റെ പേര്	:

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം :

തീയതി :